# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3354** **16.12.2015 ൽ മറുപടിയ്ക്ക്**

## റബ്ബർ ഉല്പാദനവും വിലയും

**ചോദ്യം**
**ശ്രീ.കോടിയേരി ബാലകൃഷ്ണൻ :**

**ഉത്തരം**
ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയുള്ള റബ്ബർ ഉൽപാദനത്തെയും റബ്ബറിന് കർഷകർക്കു ലഭ്യമാകുന്ന വിലയെയും സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ വർഷവും ഡിസംബർ മാസം ഒന്നാം തീയതിയെ അടിസ്ഥാനപ്പെടുത്തി ലഭ്യമാക്കാമോ;

(എ) റബ്ബർ ഉല്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | റബ്ബർ ഉല്പാദനം (ടൺ) |
|---|---|
| 2010-11 | 770580 |
| 2011-12 | 798940 |
| 2012-13 | 800050 |
| 2013-14 | 648220 |
| 2014-15 | 507700 |

റബ്ബറിന് കർഷകർക്ക് ലഭ്യമാകുന്ന വില ഡിസംബർ മാസം ഒന്നാം തീയതിയെ അടിസ്ഥാനപ്പെടുത്തിയുള്ളത് ചുവടെ ചേർക്കുന്നു.

| തീയതി, വർഷം | റബ്ബർ വില കിലോയ്ക്ക് RSS – 4 | RSS-5 |
|---|---|---|
| 01/12/11 | 198.00 | 194.00 |
| 01/12/12 | 166.00 | 162.00 |
| 02/12/13 | 153.50 | 143.50 |
| 01/12/14 | 117.00 | 112.50 |
| 01/12/15 | 106.00 | 104.50 |

(ബി) റബ്ബർ കർഷകരുടെ രക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്നും, ഇതിനായി എന്തു തുക നീക്കിവച്ചെന്നും, ഇതിൽ പ്രതിവർഷം എത്ര തുക വീതം ചെലവഴിച്ചെന്നും വിശദമാക്കാമോ ?

(ബി) റബ്ബറിന്റെ വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി 25.02.2014 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും

മാർക്കറ്റ്ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14 ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നല്കിയിട്ടുണ്ട്.

2014-15 ൽ റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും ആകെ 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 10.12.2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**